പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2391 **27-10-2026-ൽ മറുപടിയ്ക്ക്**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ	ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ, അത് എവിടെയാണെന്നും അതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

മറുപടി: കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 110 കെ.വി സബ്സ്റ്റേഷൻ, വെള്ളരിക്കുണ്ട് - സാങ്കേതിക പഠനം നടന്നുവരുന്നു.

2. 110 കെ.വി സബ്സ്റ്റേഷൻ, ആവിക്കര - സാങ്കേതിക പഠനം നടന്നുവരുന്നു.

3. മടിക്കൈ ഇൻഡസ്ട്രിയൽ ഏരിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം - ഡെപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി. ₹33.26 കോടി അടയ്ക്കുന്നതിന് ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റിന് ഡിമാൻഡ് നോട്ടീസ് നൽകി.

4. 33 കെ.വി സബ്സ്റ്റേഷൻ, ചിത്താരി - സാങ്കേതിക പഠനം നടന്നുവരുന്നു.

5. 33 കെ.വി സബ്സ്റ്റേഷൻ, പടന്നക്കാട് - സാങ്കേതിക പഠനം നടന്നുവരുന്നു.

6. 33 കെ.വി ബേളൂർ സബ്സ്റ്റേഷൻ 110 കെ.വി നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി - സാങ്കേതിക പഠനം നടന്നുവരുന്നു.

7. 33 കെ.വി നീലേശ്വരം സബ്സ്റ്റേഷൻ 110 കെ.വി നിലവാരത്തിലേക്ക് ഉയർത്തൽ - ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ഇ-ടെൻഡർ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ